**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 397** **01-11-2021 - ൽ മറുപടിയ്ക്ക്**

**കുതിരാൻ തുരങ്കപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സമയബന്ധിതമായി പൂർത്തിയാക്കിയ കുതിരാൻ തുരങ്കപാതയുടെ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കുതിരാൻ തുരങ്കപാതയുടെ നിർമ്മാണം ദേശീയപാത അതോറിറ്റിയുടെ കീഴിലുള്ള പ്രവൃത്തിയാണ്. ഈ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രി യോഗങ്ങൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. |
| (ബി) | ഒന്നാം തുരങ്കപാത തുറന്ന് കൊടുത്തതോടെ ഗതാഗത മേഖലയിൽ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ഒന്നാം തുരങ്കപാത 31/07/2021 നാണ് ഗതാഗതത്തിനായി തുറന്നു കൊടുത്തത്. പാത തുറന്ന് കൊടുത്തതിനെ തുടർന്ന് പാലക്കാട് മുതൽ തൃശ്ശൂർ വരെയുള്ള ദൂരത്തിൽ 1.5കി.മീ കുറഞ്ഞിട്ടുണ്ട്, കുതിരാനിൽ ഗതാഗത കുരുക്ക് വന്നിട്ടില്ല എന്ന് മാത്രമല്ല സുഗമമായി ഗതാഗതം നടക്കുന്നുണ്ട്. 31/07/2021 ന് ശേഷം കുതിരാനിൽ അപകടങ്ങൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) | പ്രസ്തുത പാതയുടെ നിർമ്മാണ ചെലവ് എത്രയായിരുന്നുവെന്നും അതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വ്യക്തമാക്കുമോ; | (സി) | BOT(Toll) അടിസ്ഥാനത്തിൽ എൻ.എച്ച് 544 ന്റെ വടക്കാഞ്ചേരി, തൃശ്ശൂർ ഭാഗം ആറു വരിപാതയാക്കുന്നതിന്റെ ഭാഗമായാണ് കുതിരാൻ ടണൽ നിർമ്മാണം. 165 കോടിയാണ് എഗ്രിമെന്റ് പ്രകാരമുള്ള നിർമ്മാണ ചെലവ്. ബിഒറ്റി കൺസഷനറാണ് നിർമ്മാണത്തിന്റെ ചെലവ് വഹിക്കേണ്ടത്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രണ്ടാം കുതിരാൻ തുരങ്കപാതയുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | രണ്ടാം കുതിരാൻ തുരങ്കപാതയുടെ നിർമ്മാണ പുരോഗതി പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ജില്ലാ ഭരണ കൂടവും നിരന്തരം വിലയിരുത്താറുണ്ട്.നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് മന്ത്രി 07.08.2021 തീയതിയിലും, 13.10.2021 തീയതിയിലും യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. |
| (ഇ) | രണ്ടാം തുരങ്കപാതയുടെ നിർമ്മാണം | (ഇ) | രണ്ടാം തുരങ്കപാതയുടെ നിർമ്മാണത്തിൽ ഇനി |

| | | | |
|---|---|---|---|
| | സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ? | | ചെയ്യാനുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. a) Concrete lining for 108 m b) Concrete pavement for 500m c) Fire fighting arrangements d) Lighting and ventilation measures e) Approach on Thrissur side f) Other miscellaneous works as per concession agreement. |

സെക്ഷൻ ഓഫീസർ